

# പട്ടം 18

LITTLE KITEs
MSM HSS Kallingalparamba

# പത്രാധിപക്കുറിപ്പ്

ലിറ്റിൽ കൈറ്റ്സിന്റെ പ്രഥമ സംരഭമാണിത് വിവര വിനിമയ

സാങ്കേതിക വിദ്യയിൽ ഒരു പാട് കാര്യങ്ങൾ പഠിക്കാനുണ്ട് . അതിലെ

ഞങ്ങൾ നേടിയെടുത്ത കുറഞ്ഞ കാര്യങ്ങൾ വെച്ച്

നിർമ്മിച്ചെടുത്തതാണ് ഈ ചെറിയ സംരഭം. അതിൽ പാകപ്പിഴവുകൾ

സംഭവിക്കാം അതെല്ലാം ക്ഷമിക്കണമെന്ന് വിനയത്തിന്റെ ഭാഷയിൽ

അഭ്യർത്ഥിച്ചു കൊണ്ട് ഞങ്ങൾ ഇത് സമർപ്പിക്കട്ടെ.

## ആശംസകളോടെ ................



അബ്ദുൽ വഹാബ്. എൻ

(ഹെഡ്മാസ്റ്റർ)

ലിറ്റിൽ കൈറ്റ്സ് നടത്തുന്ന ഇ-മാഗസിൻ പ്രവർത്തനങ്ങൾക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു. നമ്മുടെ പുതിയ കാലത്ത് ഏറ്റവും പ്രചാരത്തിലുള്ളതും പുതു തലമുറ സജീവവുമാകുന്ന ഒന്നാണ് ഇലക്ട്രോണിക് മീഡിയ. നമ്മുടെ കുട്ടികൾക്ക് ജീവിതത്തിലെ പുതിയ വഴികൾ ആകട്ടെ ഈ മാഗസിൻ പ്രവർത്തനങ്ങൾ എന്ന് ഒരിക്കൽ കൂടി ആശംസിക്കുന്നു.

## ഉള്ളടക്കം


ബഷീർ എന്ന സുൽത്താൻ.....2

ഫാത്തിമ സൽവ എ, 9 C.....2

തീ തുപ്പുന്ന മുയൽ.....6

ശാമിൽ. പി.സി, 10 F.....6

കളർ പെയിന്റിംഗ്.....8

ഹന്ന ഷെറിൻ. കെ. പി, 9C.....8

പുലർ വെയിൽ.....9

ഹന്ന ബിൻത്ത് അഷ്റഫ്. ഇ, 9 A.....9

നാളെയുടെ ഭൂമി.....10

ബഷീറ തസ്നി. സി. കെ, 8O.....10

പെൻസിൽ ഡ്രോയിംഗ്.....11

ഷഹല ജബിൻ. 9 C.....11

Social Workers From The Youth.....12

FATHIMA HIBA. M, 9 D.....12

പ്രളയം.....13

അഫ്ലഹ. ടി.പി, 9 E.....13

സ്കെച്ച്.....14

സഹദ്. പി. എച്ച്,.....14

അമ്മയെ കാത്ത്.....15

ബഷീറ തസ്നി. സി. കെ, 8 O.....15

ബഷീർ എന്ന ബല്യ ഒന്ന്.....16

ഇല്യാസ്. കെ. കെ, 8 Q.....16

പെൻസിൽ ഡ്രോയിംഗ്.....17

ഹന്ന ബിൻത്ത് അഷ്റഫ്, 9A.....17

യൗവ്വനം കരയുന്നു.....18

ഹംറാസ് ബിലാൽ കെഎം, 9E.....18

ജിമ്പിൽ തയ്യാറാക്കിയ ഡിജിറ്റൽ പെയിന്റിംഗുകൾ.....21

സായൂജ് സുകമാരൻ.....21

# ബഷീർ എന്ന സുൽത്താൻ

ഫാത്തിമ സൽവ എ, 9 C

മലയാള സാഹിത്യത്തിൽ ഒരേയൊരു സുൽത്താനേയുള്ളൂ. ഭാഷയുടെയും വ്യാകരണത്തിന്റെയും വേലിക്കെട്ടുകൾ പൊളിച്ചെഴുതി മലയാള സാഹിത്യത്തെ സാധാരണക്കാരന്റെ ജീവിതത്തോട് ചേർത്ത് നിർത്തിയ ബേപ്പൂർ സുൽത്താൻ എന്ന വൈക്കം മുഹമ്മദ് ബഷീർ. മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യ സമര പോരാളിയുമായിരുന്ന സുൽത്താൻ. 1908 ജനവരി 19 വൈക്കം തലയോലപറമ്പിലാണ്, പിതാവ് കായി അബ്ദു റഹിമാനിന്റെയും മാതാവ് കുഞ്ഞാത്തുമ്മയുടെയും മകനായി ജനിച്ചത്.

തലയോല പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലുമായിരുന്ന പ്രാഥമിക പഠനം. രസകരവും സാഹസികവുമായിരുന്ന ബഷീറിന്റെ ജീവിതം. സ്കൂൾ പഠന കാലത്ത് (ക്ലാസ് 5) കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് ബഷീറിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. കാൽ നടയായി എറണാംകുളത്ത് ചെന്ന് കള്ളവണ്ടി കയറി കോഴിക്കോടെത്തിയ ബഷീർ സ്വാതന്ത്ര്യ സമര രംഗത്തേക്ക് എടുത്തു ചാടി. ഗാന്ധിജിയെ തൊട്ടു എന്ന് അദ്ദേഹം പിൽക്കാലത്ത് അഭിമാനത്തോടെ പരാമർശിച്ചിട്ടുണ്ട്. തുടർന്ന് കുറെ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞു തിരിഞ്ഞു. അതിസാഹസികമായ ഈ കാലയളവിൽ ബഷീർ കെട്ടാത്ത വേശങ്ങളില്ല. ഉത്തരേന്ത്യയിൽ ഹിന്ദു സന്യാസിമാരുടെയും സൂഫിമാരുടെയും കൂടെ ജീവിച്ചു. പാചക്കാരനായും മാജിക്കുകാരന്റെ സഹായിയായും കഴിഞ്ഞു. പല ജോലികളും ചെയ്തു. അറബി നാടുകളിലും ആഫ്രിക്കയിലുമായിരുന്ന തുടർന്നുള്ള സഞ്ചാരം. ഏകദേശം 9 വർഷത്തോളം നീണ്ട ഈ യാത്രയിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു. മനുഷ്യ

ജീവിതത്തിന്റെ എല്ലാ വശങ്ങളും - തീവ്ര ദാരിദ്ര്യവും മനുഷ്യ ദുരയും- നേരിട്ട് കണ്ടു. ബഷീറിന്റെ ജീവിതം തന്നെയാണ് അദ്ദേഹത്തിന്റ സാഹിത്യം എന്ന് പറയാം. ഇതു പോലെ സ്വതന്ത്രമായി ലോക സഞ്ചാരം നടത്തിയ എഴുത്തുകാർ മലയാള സാഹിത്യത്തിൽ വിരളമാണെന്ന് പറയാം. ലോകം ചുറ്റുന്നതിനിടയിൽ കണ്ടെത്തിയ ഒട്ടേറെ ജീവിത സത്യങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം.

പത്മനാഭ പൈ പത്രാധിപരായിരുന്ന "ജയകേസരി" യിൽ പ്രസിദ്ധീകരിച്ച തങ്കമാണ് ആദ്യം പ്രസിദ്ധീകരിച്ച കഥ. ജോലിയന്വേഷിച്ചാണ് ബഷീർ പത്രാധിപരുടെ അടുത്തെത്തിയത്. എന്നാൽ ജോലി തരാൻ നിവൃത്തിയില്ലെന്നും കഥ എഴുതി തന്നാൽ പ്രതിഫലം തരാമെന്നും മറുപടി കേട്ട ബഷീർ ഗത്യന്തരമില്ലാതെ ഒരു കഥ എഴുതുകയായിരുന്നു. അതാണ് തങ്കം.

സാധാരണക്കാരിൽ സാധാരണക്കാരനായ നാട്ടു മനുഷ്യന്റെ പച്ച ഭാഷയിലുള്ള ഹാസ്യാത്മകമായ രചനകൾ വായനക്കാരെ ഒരു പോലെ ചിരിപ്പിക്കുകയും കരയിപ്പിക്കുകയും ചെയ്തു. അതായിരുന്നു ആ തൂലികയുടെ ശക്തിയും. ഒരിക്കലും അലക്കി തേച്ച വടിവൊത്ത ഭാഷയിൽ അദ്ദേഹം എഴുതിയില്ല. ഇത് മലയാളത്തിലെ മറ്റൊരു സാഹിത്യകാരനും അവകാശപ്പെടാൻ സാധിക്കാത്ത വിധം ബഷീറിനെ ജനകീയനാക്കി. തന്റേതു മാത്രമായ വാക്കുകളും ശൈലികളുമായിരുന്നു ബഷീറിന്റെ സവിശേഷത. അത് കൊണ്ട് തന്നെ അദ്ദേഹത്തിന്റെ രചനാരീതി ബഷീറിയൻ ശൈലി എന്നു തന്നെ അറിയപ്പെട്ടു. അതിദീർമായ രചനകൾക്കു പകരം അടുക്കും ചിട്ടയോടും കൂടി വളരെ കുറച്ച് എഴുതാനാണ് അദ്ദേഹം ഇഷ്ടപ്പെട്ടത്. അതിനാൽ അദ്ദേഹം എഴുതിയ എല്ലാ നോവലുകളും ദൈർഘ്യം കുറഞ്ഞവയാണ്. ബഷീറിന്റെ മാസ്റ്റർ പീസുകളിലൊന്നായ ബാല്യ കാല സഖിക്ക് കേവലം 75 പേജുകളാണുള്ളത്. എങ്കിലും ഒരു ജീവിതമോ അതിനും അപ്പുറം

എന്തെല്ലാമോ അതിൽ അടങ്ങിയിരിക്കുന്നതായി ഓരോ വായനക്കാരനും തോന്നും. അത്രത്തോളം തീവ്രമാണ് ബാല്യ കാല സഖി.

സ്വന്തം ജീവിത പശ്ചാതലത്തിൽ നിന്ന് കണ്ടെടുത്ത കഥയുടെ ആവിഷ്കാരമാണ് പാത്തുമ്മയുടെ ആട് എന്ന നോവൽ. ഇതിൽ നിന്നെല്ലാം തികച്ചും വ്യത്യസ്തമാണ് ശബ്ദങ്ങൾ. പ്രമേയത്തിലും ആഖ്യാനത്തിലും പുലർത്തിയിരുന്ന ഈ വൈവിധ്യം ബഷീറിന്റെ സാഹിത്യ ജീവിതത്തിലുടനീളം കാണാൻ സാധിക്കും. കഥകളിലും നോവലുകളിലും മാത്രം ഒതുങ്ങുന്നതല്ല അദ്ദേഹത്തിന്റെ സാഹിത്യ ലോകം. ലേഖനങ്ങളും നാടകങ്ങളും തിരക്കഥകളും അദ്ദേഹം മലയാളത്തിന് സംഭാവന ചെയ്തിട്ടുണ്ട്.

ബഷീർ കാലത്തിന് മുമ്പ് നടന്ന പേയ എഴുത്തുകാരനായതിനാൽ അനുഭവിക്കേണ്ടി വന്ന വ്യഥ വളരെ വലുതായിരുന്നു. കേരളം വേറും നാട്ടു രാജ്യങ്ങളായി നാട്ടു രാജാക്കൻമാരാലും ബ്രിട്ടീഷുകാരാലും ഭരിച്ചു കൊണ്ടിരുന്ന കാലത്താണ് പ്രേമ ലേഖനവും ബാല്യ കാല സഖിയും ശബ്ദങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടത്. അതേ സമയം സ്വയം കടന്നു പോയ വഴികളും ആ വഴികളിൽ സ്വന്തമായി അനുഭവിക്കേണ്ടി വന്ന മുറിവുകളും മറ്റു പലരിലൂടെയും ആവിഷ്കരിക്കുന്ന രചനാ തന്ത്രമാണ് ബഷീർ സ്വീകരിച്ചിരുന്നത്.

ശബ്ദങ്ങളുടെ സാധ്യത സാഹിത്യത്തിൽ വലിയ അഴവിൽ പ്രയോഗിച്ച എഴുത്തുകാരനാണ് ബഷീർ. ഘോര ശബ്ദത്തെ ഭയാനകമായ ഒരസ്വസ്ഥതയായല്ല, പ്രകതീക്ഷകളുടെ പെരുമ്പറ മുഴക്കമായി പരാവർത്തനം ചെയ്യാൻ കഴിഞ്ഞു എന്നത് ബഷീറിയൻ രചനകളിൽ മാത്രം കാണുന്ന സർഗ സൗന്ദര്യമാണ്. ശബ്ദങ്ങളെ അശരീരിയായി കേട്ട് എഴുത്തിലേക്ക് പകർത്തുകയായിരുന്ന ബഷീർ.


മരണത്തിന്റെ നിഴലിലും ജീവിതത്തിന്റെ ഉജ്വലമായ നൃത്ത സങ്കൽപങ്ങൾ

ആനയിക്കുകയും ഭാഷ കൊണ്ട് ജീവിതത്തിലെ ഏത് ഇരുട്ടിനെയും പ്രസാദാത്മകമാക്കുകയും ചെയ്യുന്ന ആവിഷ്കാര രീതി മറ്റെവിടെയും കാണാൻ കഴിയുന്നതല്ല. ബഷീർ സാഹിത്യത്തിന്റെ പ്രത്യേകതയും അതു തന്നെയാണ്.

കേന്ദ്ര സാഹിത്യ അക്കാദമി, കേരള സാഹിത്യ അക്കാദമി ഫെല്ലോഷിപ്പുകൾ സാഹിത്യത്തിനും രാഷ്ട്രീയത്തിനുമായി നാലു താമ്ര പത്രങ്ങൾ തുടങ്ങിയവ ലഭിച്ചു. 1982 ൽ ഇന്ത്യാ ഗവൺമെന്റ് പത്മശ്രീ നൽകി ആദരിച്ചു. 1987 ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഡോക്ടർ ഓഫ് ലെറ്റേഴ്സ് എന്ന ബിരുധം നൽകി.

പ്രേം നസീർ അവാർഡ്, വള്ളത്തോൾ പുരസ്കാരം എന്നിവ ലഭിച്ചു. 1994 ജൂലൈ 5 ന് ബഷീർ എന്ന മഹാമനീഷി ഈ ലോകത്തോട് യാത്ര പറഞ്ഞു.

ബഷീർ വിട പറഞ്ഞെങ്കിലും അദ്ദേഹത്തിന്റെ രചനകളെല്ലാം പുറത്തിറങ്ങിയ അതേ പുതുമകളോടെ തന്നെ ഇന്നും വായിക്കപ്പെടുന്നു. കാരണം അവ ഓരോന്നും ഓരോ പാഠ പുസ്തകങ്ങളാണ്. ജീവിതം എന്തെന്ന് കാട്ടിത്തരുന്ന മഹത്തായ പാഠ പുസ്തകങ്ങൾ..



## തീ തുപ്പുന്ന മുയൽ

**ശാമിൽ. പി.സി, 10 F**

പണ്ട് റഷ്യയിൽ ലിയോ എന്നൊരാൾ ഉണ്ടായിരുന്നു. പഴങ്ങൾ പറിച്ചു വിറ്റാണ് ലിയോ ജീവിച്ചിരുന്നത്. ഒരു മഞ്ഞു കാലം പുറത്തേക്ക് നോക്കിയ ലിയോ ഒരു കാഴ്ച കണ്ടു. വീണു കിടക്കുന്ന മഞ്ഞു കട്ടകൾക്ക് മുകളിലൂടെ ഒരു മുയൽ ചാടിച്ചാടി വരുന്നു. മുയലിന് നന്നായി വിശക്കുന്നുണ്ടെന്ന് ലിയോക്ക് തോന്നി. ലിയോ കുറച്ച് ബ്രഡ് കഷണങ്ങൾ മുയലിന് കൊടുത്തു. നെരിപ്പോടിനടുത്ത് തീ കായാൻ ഇടവും നൽകി. അന്നു മുതൽ ലിയോയോടൊപ്പമായി മുയലിന്റെ താവസം. ഒരിക്കൽ ഒരു കൂറ്റൻ സിംഹം ഗർജിച്ചു കൊണ്ട് ലിയോയുടെ അടുത്തേക്ക് ചാടിയെത്തി. ലിയെ പേടിച്ചു വിറച്ചു. അപ്പോൾ മുയൽ സിംഹത്തിന്റെ മുന്നിലേക്ക് ഓടിച്ചെന്നു. "അയ്യോ പോകല്ലെ ആ സിംഹം നിന്നെ പിടിച്ചു തിന്നും" ലിയോ വിളിച്ചു പറഞ്ഞു. പക്ഷെ മുയൽ സിംഹത്തിന്റെ തൊട്ടു മുന്നിലെത്തി. പിന്നീട് ലിയോയെ അൽഭുതപ്പെടുത്തി കൊണ്ട് ആ മുയൽ സിംഹത്തിന് നേരെ തീ തുപ്പാൻ തുടങ്ങി. സിംഹം പേടിച്ച് കാട്ടിലേക്ക് ഓടിപ്പോയി.

മറ്റൊരു ദിവസം കാട്ടിൽ വെച്ച് ഒരു കടുവ ലിയോയെ ആക്രമിച്ചു. മുയൽ തീനാളങ്ങൾ പുറത്ത് വിട്ട് കടുവയെയും ഓടിച്ചു. ലിയോയുടെ വീട് തകർക്കാനെത്തിയ ആനയെയും മുയൽ ഇത് പോലെ തുരത്തി.

അതോടെ ലിയോയുടെ തീ തുപ്പുന്ന മുയലിനെ പറ്റി നാട്ടിൽ പാട്ടായി. ധനികനായ ഇവാനിയ്യ മുയലിനെ മോഹിച്ച് ലിയോയെ കാണാനെത്തി. “അഞ്ചു സ്വർണ്ണ നാണയം തരാം, മുയലിനെ എനിക്ക്തരണം” ഇവാനിയ്യ പറഞ്ഞു. “ഇല്ല ഞാനൊരിക്കലും എന്റെ മുയൽക്കുട്ടനെ വിൽക്കില്ല” ലിയോ തീർത്ത് പറഞ്ഞു. ഇവാനിയ്യ കോപത്തോടെ മടങ്ങി പോയി. അന്ന രാത്രി ഇവാനിയ്യോയുടെ കിങ്കരൻമാർ മുയലിനെ തട്ടികൊണ്ടു പോയി. ഇവാനിയ്യ മുയലിനെ തന്റെ കിടക്കക്കടിയിൽ വെച്ച് ഉറങ്ങാൻ കിടന്നു. അപ്പോൾ കിടക്കക്ക് തീ പിടിച്ച് ഇവാനിയ്യ ചാടിയോടി. ഉടനെ കിങ്കരൻമാർ ആയുധങ്ങളുമായി ഓടിയെത്തി. മുയൽ അവർക്ക് നേരെ തീ തുപ്പി. കിങ്കരൻമാരുടെ ആയുധങ്ങളിലും ഇവാനിയ്യയുടെ കുപ്പായത്തിലും തീ പടർന്നു. അയാൾ ഓടി പുഴയിൽ ചാടി. മുയൽ പിറകെ നീന്തിയെത്തി. ആകെ വിരണ്ട ഇവാനിയ്യ കരക്ക് കയറി, പിന്നീട് ലിയോയുടെ അടുത്തേക്ക് ഓടി. “ഞാൻ നിനക്ക് നല്ല വീടും ധനവും തരാം, എന്നെ രക്ഷിക്കു” ഇവാലിയ്യ അപേക്ഷിച്ചു. അതോടെ മുയൽ ശാന്തനായി. ഇവാനിയ്യ തന്റെ വീടുകളിലൊന്ന് ലിയോക്ക് നൽകി. പീന്നീട് ആ വീട്ടിൽ ലിയോ മുയൽ കുട്ടനോടൊപ്പം വളരെക്കാലം സന്തോഷത്തോടെ ജീവിച്ചു.

# കളർ പെയിന്റിംഗ്

ഹന്ന ഷെറിൻ. കെ. പി, 9C



## പുലർ വെയിൽ

ഹന്ന ബിൻത്ത് അഷ്റഫ്. ഇ, 9 A

ശോഭിച്ച നിന്നിടും നിൻ ഭംഗി
ആനന്ദമാർന്നിടും എൻ മനസ്സിൽ
പുഞ്ചിരി തൂകുന്ന നിൻ കവിളിൽ
ഒന്നു തൊടുവാനായി ആഗ്രഹിച്ചു

പ്രാർത്ഥന കഴിഞ്ഞ് ജാലകം തുറക്കവെ
ഓടിയണഞ്ഞിടും നിൻ ഭംഗി
ജാലകത്തിലൂടെ വരുന്ന നിൻ മേനിയിൽ
കണ്ണാടി ചില്ല് ഞാൻ പിടിക്കവെ
ശോഭയേറിടും നിൻ മേനിയിൽ
നിൻ ഭംഗി ആസ്വദിക്കാനായി മുറ്റത്തിറങ്ങി നിന്നു

കേര വൃക്ഷ തലപ്പിലൂടെ ഒഴുകി
എത്തും നിൻ ധൂളികൾ
ഇല തുമ്പിലാടും തുള്ളികൾ
ചിതറിക്കും നിൻ പൊൻ ശോഭ
നുകരുവാൻ എത്തിടും
കളകളമാർന്നിടും പെൺകുരുവികൾ

മുറ്റത്ത് തുമ്പി നിൽക്കും മലർ മൊട്ട്
നിൻ വരവോടെ കൺതുറന്നിടും നിൻ വരവിൽ
നീ വരുന്നു എന്നറിഞ്ഞാണ്
ആനന്ദമാർന്ന് ആ പുലർ കാലം

# നാളെയുടെ ഭൂമി

ബഷീറ തസ്നി. സി. കെ, 8O

എന്താണ് ഈ തലമുറയുടെ അവസ്ഥ?, ഇങ്ങനെയാണോ വേണ്ടത്? പണം പണം! അതിനു വേണ്ടിയാണ് നമ്മുടെ നെട്ടോട്ടം. കിട്ടിയ പൈസയിൽ നിന്ന് അൽപം പോലും നഷ്ടപ്പെടാതിരിക്കാൻ എന്ത് മാത്രം ജാഗ്രതയാണ് ഈ മനുഷ്യൻ കാണിക്കുന്നത്. ഈ ജാഗ്രത മറ്റുള്ള കാര്യങ്ങളിൽ അവനുണ്ടോ? പുതു തലമുറക്കും കൂടെ ഈ ഭൂമിയിൽ ജീവിക്കേണ്ടേ? എന്താണ് ഈ ന്യൂ ജനറേഷൻ ലക്ഷ്യം? അധ്വാനിക്കാതെ എങ്ങനെ സമ്പാദ്യം വാരി വലിച്ചു കൂട്ടാം എന്നതാണ് ലക്ഷ്യം. നമ്മുടെ കൈകൾ കൊണ്ട് അധ്വാനിച്ച് നമുക്ക് കിട്ടുന്ന കൂലിയാണ് യഥാർത്ഥ സമ്പാദ്യം. എങ്ങനെയാണ് പുതു തലമുറയുടെ ജീവിത രീതിയും ആഹാര രീതിയും. വീണ്ടും കഴിക്കാൻ തോന്നുന്ന ഒരു പാട് ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്ന പിസ്സ, ബർഗർ, സാൻവിച്ച്പോലെയുള്ള ഫാസ്റ്റ് ഫുഡുകളാണ് ന്യൂ ജനറേഷൻ മെനു. ഫുൾ നോൺ വെജിറ്റേറിയൻ ഫുഡ്. ഇനി വെജിറ്റേറിയനാണെങ്കിൽ തന്നെ കടയിൽ നിന്നും വാങ്ങിക്കുന്ന വിഷലിപ്തമായ പച്ചക്കറികളാണ് ഉപയോഗിക്കുന്നത്. നമുക്കൊക്കെ ഒന്ന് മാറി ചിന്തിച്ചു കൂടെ. സ്വന്തമായി കൃഷി ചെയ്ത് അത്യാവശ്യം നല്ല ഭക്ഷണം കഴിക്കാമല്ലോ.

അതു മാത്രമല്ല കുന്നു നികത്തി അവിടെ കോൺക്രീറ്റ് കെട്ടിടങ്ങൾ പണിതുയർത്തുന്നു. കുന്നുകൾ ഭൂമിയുടെ ആണികളാണെന്ന കാര്യം നാം മറക്കുന്നു. അത് നശിപ്പിച്ചാൽ അവിടെയുള്ള വെള്ളവും മരവും അവിടെയുള്ള സകല ജീവജീലങ്ങളും നശിക്കും. തൽക്കാലം നമ്മുടെ ആശ്വാസത്തിന് വേണ്ടി നാം അതെല്ലാം പ്രശ്നമല്ലെന്ന് വെക്കുന്നു. പക്ഷെ ഒരു നാഴ്

നാം ഇതിന് വേണ്ടി അനുഭവിക്കേണ്ടി വരിക തന്നെ ചെയ്യും. മനുഷ്യൻ കാടും മേടും വെട്ടി നശിപ്പിക്കുമ്പോഴാണ് ജീവജാലങ്ങൾക്ക് വംശനാശം സംഭവിക്കുന്നത്. നമ്മൾ തന്നെ വിചാരിച്ചാലെ ഇതിനെല്ലാം പരിഹാരമാകു. മനുഷ്യന്റെ കരങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായാണ് കരയിലും കടലിലും നാശങ്ങൾ സംഭവിക്കുന്നത്. അതിനാൽ നാം വീണ്ടുവിചാരം നടത്തുക. നമ്മുടെ കരയും കടലും പ്രകൃതിയും ദൈവം തന്ന പോലെ സംരക്ഷിക്കുക. അതിനു വേണ്ടി പ്രതിജ്ഞയെടുക്കുക.

## പെൻസിൽ ഡ്രോയിംഗ്

**ഷഹല ജബിൻ. 9 C**



# Social Workers From The Youth

FATHIMA HIBA. M, 9 D

Now a days in our society, we face many problems. Such as corruption, child labour, unemployment and illiteracy etc. Even though these problems exist, there are no people to react against the violations and exploitations. So the youngsters is the best choice to deal with such problems.

When we ask a child what his/ her ambition is? They just say something that may be heard commonly from youngsters. But instead of doctors and engineers we need social workers and good politicians in our society.

Now, most of the students choose a professional course and after there studies they try to fly to some foreign countries just for huge amount of salary. The youngsters are the citizens of the coming generation. So they should try to live in their on country.

We all know that most of the people living in our country, especially women are suffering from many exploitations. They are having the mentality to raise their voice against such violation, But does not have the courage to handle them. Children are also suffering from many violations. They are not getting a good education and rights too.

So to have and end for these exploitations we need to build up a good social worker, politician and ministers.  The youngsters should make social reformers and freedom fighters as their role models, Not the film heroes and sport stars. So let the youngsters join their hands to build a good nation for the future.

# പ്രളയം

അഫ്ലഹ. ടി.പി, 9 E

പ്രളയമേ.......

നീയെന്തിനു വന്നു യക്ഷിയായി

ഞങ്ങളുടെ തോട്ടത്തിലേക്ക്

രക്തത്തിൽ ചുവപ്പ് തുള്ളികൾ വീഴ്ത്തി

കണ്ടു രസിക്കാനോ ......?

തോട്ടത്തെ ശവപ്പറമ്പാക്കി

മാറി നിൽക്കാനോ ......?

സൂര്യന്റെ അസ്തമയ ശോഭ മാഞ്ഞു

വെള്ളിന്റെ പറുദീസ പൊട്ടി മുളച്ചു.

കാണാകൂട്ടിൽ നിന്ന് ആരോ കരഞ്ഞു

യക്ഷിയേ ... ഉപദ്രവിക്കരുതേ...

പകച്ചു നിന്നു പോയ പൂക്കളും ചെടികളും കരുതി

ഇത് ദൈവത്തിനുത്തരമാണ്

അറ്റമില്ലാ അഹങ്കാരത്തിന്

പ്രളയമേ അതു തന്നെയാണോ ?

നീ കിനാവിലെ രക്ത തുള്ളിയോ

കേരള ജനതയുടെ പേടി സ്വപ്നമോ

# സ്കെച്ച്

സഹദ്. പി. എച്,



# അമ്മയെ കാത്ത്

ബഷീറ തസ്നി. സി. കെ, 8 O

ഒരു വീട്ടിൽ ഒരു അമ്മയും മകളും താമസിച്ചിരുന്നു. അവരുടെ വീട് വളരെ ചെറുതായിരുന്നു. ഏറെ കഷ്ടപ്പെട്ടായിരുന്നു അവർ അവിടെ താമസിച്ചിരുന്നത്. അമ്മ എന്തെങ്കിലും ജോലിക്ക് പോകും. അതിൽ നിന്ന് കിട്ടുന്ന പൈസ കൊണ്ടായിരുന്നു അവരുടെ ജീവിതം. മകളുടെ പേര് മീനു എന്നായിരുന്നു. അവരെ ആരും സഹായിച്ചിരുന്നില്ല. ഒരിക്കൽ അമ്മ വിറക് എടുക്കാൻ കാട്ടിലേക്ക് പോയി. അമ്മ വിറകുമായി തിരിച്ച് വരുമ്പോൾ അവിടെയുണ്ടായിരുന്ന വെള്ളത്തിലേക്ക് വീണു. അമ്മ അവിടെ നിന്ന് കരയുവാൻ തുടങ്ങി. അത് കേട്ടപ്പോൾ മീനു കരഞ്ഞു കൊണ്ട് വീട്ടിലേക്ക് ഓടി. അവിടെ ആരെങ്കിലും കാണുമോ എന്ന് നോക്കി. പക്ഷെ ആരെയും കണ്ടില്ല. അവൾ നിരാശയായി അമ്മയുടെ അടുത്തേക്ക് തന്നെ ഓടിപ്പോയി. അവിടെ എത്തിയപ്പോൾ അമ്മയെ ആ വെള്ളത്തിൽ കണ്ടില്ല. അപ്പോൾ മീനു വെള്ളത്തിന്റെ അവസാനം വരെ ഓടി. അവിടെയും അമ്മയെ കണ്ടില്ല. നേരം ഇരുട്ടി വരുന്നുണ്ടായിരുന്നു. എങ്കിലും അവൾ വീട്ടിലേക്ക് പോയതുമില്ല. എന്നെങ്കിലും തന്റെ അമ്മ വെള്ളത്തിൽ നിന്ന് തിരിച്ച് വരുമെന്ന് വിചാരത്തോടെ അവൾ അമ്മയെ കാത്ത് അവിടെ തന്നെ നിന്നു.

# ബഷീർ എന്ന ബല്യ ഒന്ന്

ഇല്യാസ്. കെ. കെ, 8 Q

അവശൻ കക്കാടിന്റെ
ദീന ശയ്യയിലന്നാൾ
അവിടന്നിരിക്കെ ഞാൻ
അർഥിച്ചേൻ: "പേരക്കുട്ടി
ഇവൾ; ഈശ്വര സത്യ-
ജ്ഞാനി സൂഫിയാം താങ്കൾ
ഇവളെ നെറുകയിൽ
തൊട്ടനുഗ്രഹിച്ചാലും"

കുഴിയാനയി,ലാടിൽ
അഖണ്ഡ കോടിയിൽ സ്നേഹ-
പ്പൊരുൾ തേടിന കൈയാൽ
താങ്കളെൻ കിടാവിനെ
എടുത്തു മടിയിൽച്ചേർ-
ത്തിരുത്തി വികൃതിക-
ളുരച്ചും കളിചിരി-
യുതിർത്തും രണ്ടാം ബാല്യം

ഇമ്പമായ് നുണച്ചിരി-
ക്കുമ്പോൾ ഞാൻ പൊന്നേൻ "പൈതൽ
മുണ്ടിൻ മേലെയുക്കാക്കാം.
കരുതിയിരിക്കുക"
ഉറക്കെച്ചിരിച്ചു കൊ-
ണ്ടങ്ങതൻ മറുപടി:
മിടുക്കത്തിയെൻ മെയ്യിൽ
തളിച്ചോളട്ടെ തീർത്ഥം!"


ഒന്നോടൊന്നു ചേരുമ്പോൾ
രണ്ടാകുമെന്നേ ഞായം
ഹിന്ദുവും മുസൽമാനും
ആചരിപ്പതീ ദ്വൈതം
ഉണ്മയുണ്മയിൽ ചേർന്നാൽ
ഇമ്മിണി വല്യതായി-

ട്ടൊന്നു വളാകും; താങ്ക-
ളോരുമീയദ്വൈതത്താൽ

പുഴയും പുഴയും ചേർ-
ന്നാനന്ദക്കടലാകും
കലയങ്ങതൻ കണ്ണിൽ
നർമ്മമായ് തിളങ്ങുന്നു

## പെൻസിൽ ഡ്രോയിംഗ്

### ഹന്ന ബിൻത്ത് അഷ്റഫ്, 9A



# യൗവ്വനം കരയുന്നു

ഹംറാസ് ബിലാൽ കെഎം, 9E

മക്കൾക്ക് വേണ്ടി ഞാൻ കാശു നേടി
അവരത് കൊണ്ട് ഇംഗ്ലീഷ് നേടി
ഇന്നവർ എന്റെ നേർ പൊക്കുന്ന കാലിനെ
സ്വപ്നത്തിൽ പോലും എനിക്ക് പേടി

ഊണുമുറക്കമില്ലാതെ ഞാൻ
നേടിയതൊക്കെ
അവർക്ക് വീതിച്ചു നൽകി
മക്കൾക്ക് ഞാൻ ഭാരമാവാതിരിക്കാൻ
വീടൊന്നു മാത്രം ഞാൻ ബാക്കിയാക്കി

ഈയിടെ ഇവിടെയും
യോഗം നടക്കുന്നു
ചർച്ചകൾ പലതും നടന്നിടുന്നു
ചർച്ചയിൽ നല്ല പരസ്യം പറയുന്നു
മക്കൾ മരുമക്കൾ വാശിയോടെ

കൊച്ചിയിലുണ്ട് വൃദ്ധ സദനം ഇപ്പൊ
കോഴിക്കോടുണ്ട് സേവാസദനം
കാര്യമെനിക്ക് മനസ്സിലായി എന്റെ
വീടിനുമിന്നിവർ നോട്ടമിട്ടു

ജീവന്റെ ജീവനാം എന്റെ മക്കൾ എന്നെ

എങ്ങോ കളയാൻ വെമ്പുന്ന മക്കൾ

തളർച്ചയോടൊന്നു ഞാൻ

ചാരിക്കിടക്കവെ

ചാരു കസേരക്കും മുറുമുറുപ്പ്

അറിയാതെ ഓർത്തു ഞാൻ

പുറകിലുപേക്ഷിച്ച

യൗവ്വന ജീവിത കാലത്തെയും

അവളൊത്ത് കഴിയേണ്ട യൗവ്വന ജീവിതം

മരുഭൂമിയിൽ ഞാനു നഷ്ടമാക്കി

പരിഭവ ദുഃഖപരിവേദനങ്ങളും

പലതും പറഞ്ഞു കരഞ്ഞവളും

ഇതൊക്കെയും നമ്മുടെ മക്കൾക്ക്

വേണ്ടിയാണെന്നാശ്വസിപ്പിച്ച്

പറഞ്ഞു ഞാനും

എന്നെ സനേഹിച്ചവൾ എല്ലാം സഹിച്ചവൾ

എന്നെ തനിച്ചാക്കി യാത്രയായി

സ്വർഗ്ഗത്തിൽ നിന്നെന്നെ

അവൾ വിളിക്കുന്നു

മക്കളില്ലിവിടെ ഇങ്ങോട്ട് പോരു

മരണമാസന്നമായി ഉപദേശമെന്നെനി

ക്കുണ്ടെന്റെ മക്കൾക്ക് നൽകീടുവാൻ

ആയുസ്സും ജിവിതം നഷ്ടമാക്കീട്ടാരും

സമ്പാദിക്കല്ലെ മക്കൾക്ക് വേണ്ടി

അവരെ പടച്ചവനീശ്വരനാണെങ്കിൽ

അവർക്കുള്ളതങ്ങനേം വന്നു ചേരും

മക്കളെ നോക്കേണ്ടെന്നർത്ഥമില്ല

അതിനായ്

കളയേണ്ട ജീവിതമെന്ന സാരം

മാതാപിതാക്കൾക്ക്


നൻമ ചെയ്യാത്തോർക്കില്ല സ്വർഗ്ഗം

എന്ന വേദവാക്യം

# ജിമ്പിൽ തയ്യാറാക്കിയ ഡിജിറ്റൽ പെയിന്റിംഗുകൾ

സായൂജ് സുകുമാരൻ





പടം 18

## പത്രാധിപ സമിതി

ചീഫ് എഡിറ്റർ: അൻഷിദ സിപി

സബ് എഡിറ്റർ: ഹംറാസ് ബിലാൽ കെ എം

അംഗങ്ങൾ: സയ്യിദ് മുഹമ്മദ് സ്വാദിഖ് ബുഖാരി

മുഹമ്മദ് ജിഷാം കെപി

ഫാത്തിമ മസ്നഹ പി

ഫാത്തിമ ഹിബ സി

അസ്ന ഷെറിൻ കെ

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

DILSHAN. C
9A



MOHAMMED JISHAM. K.P
9A



HANNA BINTH ASHRAF
9A



MUHAMMED NASEEF. C
9C



SOORYA S. NAIR
9D



FATHIMA HIBA. M
9D



RIFA. M.C
9D



Sd Mohd SADIQ BUKHARI
9E



NADIYA THASNI. K
9E



FATHIMA SHADIYA. P
9E



MISBHA SHERIN. V.T
9E



HAMRAAZ BILAL. K.M
9E



MUHAMED SINAN. A
9F



SHAHEEL. K
9G



SALMANUL FARIS. P
9H



IRFANA. M.K
9H



RAHEES. P
9H



HISHANA. C.T
9H



SHANA YASMIN. T
9H



FATHIMA MASNAHA K
9J



AFSATH. M.T
9J



ASNA SERI. K
9J



ANSHIDA. C.P
9J



FATHIMA HIBA C
9J



AIMAN. P
9K



MUHAMMED MUSTHAQEEM. M
9K



MOHAMMAD NIHAL. P
9L



NASIH. V
9L



MUHAMMED ASIF SAHEER
9M



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

little KITEs

# ലിറ്റിൽ കൈറ്റ്സ്

## ഐ. ടി. ക്ലബ്ബ്

നമ്പർ : **LK/2018/19023**

---

എം. എസ്. എം ഹയർ സെക്കണ്ടറി സ്കൂൾ

കല്ലിങ്ങൽപറമ്പ്, കൽപകഞ്ചേരി

ഫോൺ: 0494 2547114

